കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 07.12.2022 മുതൽ 11 .12.2022 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 49/2022,(97) ചൊവ്വാഴ്ച | തീയ്യതി 06/12/2022 |
|---|---|

1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:

| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീകരണം (മി.മി) |
|---|---|---|---|---|---|---|---|
| ( 32.3) | (31.1-33.8) | (21.3-24.0) | (71-93) | (51-66) | (0.2-5.5) | (1.1-8.8) | (1.9-4.0) |

2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 07.12.2022 | 08.12.2022 | 09.12.2022 | 10.12.2022 | 11.12.2022 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 3 | 0.1 | 2 |
| ഉയർന്ന താപനില (°C) | 32 | 34 | 34 | 33 | 33 |
| കുറഞ്ഞ താപനില (°C) | 24 | 24 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 5 | 5 | 5 | 6 | 5 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 340 | 340 | 290 | 290 | 320 |
| മേഘ വ്യാപ്തി (ഒക്ടാ ) | 3 | 4 | 8 | 6 | 2 |

കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരി മഴയ്ക്ക് സാധ്യത.

അടുത്ത് അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം

| 2022 ഡിസംബർ 07 | 2022 ഡിസംബർ 08 | 2022 ഡിസംബർ 09 | 2022 ഡിസംബർ 10 | 2022 ഡിസംബർ 11 |
|---|---|---|---|---|
| മഴ ഇല്ല | മഴ ഇല്ല | നേരിയ മഴ | വളരെ നേരിയ മഴ | വളരെ നേരിയ മഴ |

3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ :കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കാറ്റിന് വേഗത കൂടാൻ സാധ്യതയുള്ളതിനാൽ വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക.

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് മുണ്ടകൻ (ചിനപ്പ് പൊട്ടുന്ന പരുവം) | ഓലചുരുട്ടിപ്പുഴു | മൂടിക്കെട്ടിയ അന്തരീക്ഷ സ്ഥിതി തുടരുമ്പോൾ നെല്ലിൽ ഓലചുരുട്ടിപ്പുഴുവിനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സി.സി. ട്രൈക്കോഗ്രമ്മ കാർഡ് ചെറു കഷ്ണങ്ങളായി മുറിച്ച് വയലിന്റെ പല ഭാഗത്ത് ഓലയുടെ അടി ഭാഗത്തായി കുത്തിവെക്കുക. അല്ലെങ്കിൽ 3 മില്ലി ഫ്ലോറാൻട്രാനിലിപ്രോൾ പത്ത് ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. |
| | ബാക്ടീരിയൽ ഇല കരിച്ചിൽ | നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിലിന് മുൻകരുതലായി 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തതിൽ 20 ഗ്രാം സ്യൂഡോമോണാസ് കലക്കി തളിക്കുക. |
| മുളക് | ഇലപ്പേൻ | മുളകിൽ ഇലപ്പേനിന്റെ ആക്രമണം കണ്ടാൽ 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി എമൽഷൻ തളിക്കുക. അല്ലെങ്കിൽ 2 ഗ്രാം തയോമെതോക്സാം പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| പാവൽ | പച്ചത്തുള്ളൻ | അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ പാവലിൽ പച്ചത്തുള്ളനെ കാണാൻ സാധ്യതയുണ്ട് .ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ച്ചയിലൊരിക്കൽ 2 % വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക .അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |

മൃഗസംരക്ഷണം-: തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തുക. ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. കുരലടപ്പൻ -കുളമ്പു രോഗങ്ങൾക്ക് എതിരെയുള്ള പ്രതിരോധ കുത്തിവെപ്പ് എടുക്കുക.

(CAADECCS, KVASU, Mannuthy).